# പതിനാലാം കേരള നിയമസഭ
# (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1485** **30.01.2018-ൽ മറുപടിയ്ക്ക്**

**മത്സ്യഫെഡിന്റെ വില്പനകേന്ദ്രങ്ങൾ**

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| --- | --- |
| എ) മത്സ്യത്തൊഴിലാളികൾക്ക് ഇടനിലക്കാരുടെ ചൂഷണമില്ലാതെ മത്സ്യത്തിന് പരമാവധി വില ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ; | എ) മത്സ്യത്തൊഴിലാളികളെയും ഉപഭോക്താക്കളെയും ഒരു പോലെ ചൂഷണം ചെയ്യുന്ന ഇടനിലക്കാരുടെ ഇടപെടൽ നിയന്ത്രിക്കുന്നതിന് പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നിന്നും പച്ച മത്സ്യം നേരിട്ട് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി ശേഖരിച്ച് മൊത്തം/ചില്ലറ മത്സ്യ മാർക്കറ്റുകൾ, മൊബൈൽ ഫിഷ് മാർട്ടുകൾ, മത്സ്യഫെഡിന്റെ ഫിഷ് മാർട്ടുകൾ എന്നിവ വഴി കേരളത്തിലെ മത്സ്യ ഉപഭോക്താക്കൾക്കും, കയറ്റുമതി കമ്പനികൾക്കും മത്സ്യത്തീറ്റ നിർമ്മാണ ഫാക്ടറികൾക്കും എത്തിച്ച് നൽകുക എന്ന ലക്ഷ്യത്തോടെ പദ്ധതി ആവിഷ്ക്കരിച്ച് വരുന്നു. ഈ പദ്ധതിയുടെ ആദ്യ ഘട്ടമായി തിരുവനന്തപുരം ജില്ലയിൽ 'അന്തിപച്ച' മൊബൈൽ ഫിഷ് മാർട്ട്-ന്റെ പ്രവർത്തനം 13/11/2017 ന് ഉദ്ഘാടനം ചെയ്തു. ഇതിന് പുറമേ മത്സ്യലേലവും വിപണനവും നിയന്ത്രിയ്ക്കുന്നതിന് ഉതകുന്ന നിയമ നിർമ്മാണവും പരിഗണനയിലാണ്. |
| ബി) പഞ്ചായത്ത് കേന്ദ്രങ്ങളിൽ മത്സ്യഫെഡിന്റെ വില്പനകേന്ദ്രങ്ങൾ ആരംഭിക്കുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവ അനുവദിച്ച് നൽകിയിട്ടുള്ള 31 കേന്ദ്രങ്ങളിൽ മത്സ്യഫെഡിന്റെ ഫിഷ് മാർട്ടുകൾ പ്രവർത്തിച്ചു വരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്ഥലം അനുവദിയ്ക്കുന്ന പക്ഷം കൂടുതൽ വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**